**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 5885**

25.05.2017 - ൽ മറുപടിക്ക്

# കൺസ്യൂമർ ഫെഡിന്റെ നവീകരണം

| **ചോദ്യം**<br>**ശ്രീ.എം.സ്വരാജ്** | | **മറുപടി**<br>**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)** | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്യൂമർഫെഡിന്റെ നവീകരണത്തിനും കൺസ്യൂമർഫെഡിനെ ലാഭത്തിലാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ വിശദാംശം അറിയിക്കുമോ? | (ബി) | അഴിമതി ഇല്ലായ്മ ചെയ്യുന്നതിനും സുതാര്യത കൊണ്ടുവരുന്നതിന്റെയും ഭാഗമായി ഇ-ടെണ്ടർ നടപ്പിലാക്കി. പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പർച്ചേസ് കമ്മറ്റി വിപുലീകരിച്ചു. ചാർട്ടേർഡ് അക്കൗണ്ടന്റ്മാരുടെ നേതൃത്വത്തിൽ ഇൻറേണൽ ആഡിറ്റ് വിഭാഗത്തിന് രൂപം നൽകി ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി സംഘടനാ രൂപം ചിട്ടപ്പെടുത്തി ജീവനക്കാർക്ക് ഉത്തരവാദിത്വങ്ങളും ചുമതലകളും നിർവ്വഹിച്ച് നൽകുകയുണ്ടായി . കൂടാതെ മോണിറ്ററിംഗ് ശക്തമാകുകയും ചെയ്തു. ബിസിനസ് വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ ഇടപെടൽ നടത്തുന്നതിന്റെ ഭാഗമായി സ്റ്റുഡന്റ് മാർക്കറ്റ് ആരംഭിക്കുന്നതിനും ആഫീസ് സ്റ്റേഷനറി സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനായി ഇ-ത്രിവേണികൾ ആരംഭിക്കുന്നതിനും വ്യക്തികൾക്ക് ഓൺലൈനായി സാധനങ്ങൾ വാങ്ങുന്നതിനും വീട്ടിലെത്തിക്കുന്നതിനുമായി ത്രിവേണി |

| | | | |
|---|---|---|---|
| | | | ഓൺലൈൻ ട്രേഡിങ്ങ് ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ ആരംഭിച്ചു. പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ 2000 നീതി ഔട്ട്ലെറ്റും 1500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഗവർണറുടെ നയ പ്രഖ്യാപന പ്രസംഗത്തിൽ ഇക്കാര്യം പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. ത്രിവേണി നീതി മെഡിക്കൽ സ്റ്റോർ എന്നിവയ്ക്ക് പ്രത്യേകം ടാർജറ്റ് നൽകിയതോടെ വിറ്റ് വരവ് വർദ്ധിപ്പിക്കുന്നതിന് സാധിച്ചു. വിദേശ മദ്യത്തിലെ ഇൻസെൻറീവ് നേരിട്ട് ഫെഡറേഷനിൽ ലഭ്യമാക്കിയതിലൂടെ ഈ ഇനത്തിലെ വരുമാനത്തിലും വർദ്ധനവ് ഉണ്ടായി. പ്രവർത്തന ചിലവുകൾ ചുരുക്കിയതിലൂടെ ഭരണ ചെലവ് കുറയ്ക്കുന്നതിന് സാധിച്ചു. ജീവനക്കാരെ വിശ്വാസത്തിൽ എടുത്തുകൊണ്ട് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയതിലൂടെയും ലാഭകരമല്ലന്ന് കണ്ടെത്തുകയും നഷ്ടത്തിനും, ഡാമേജിനും, കെടുകാര്യസ്ഥതയ്ക്ക് ഈടാക്കിയ നന്മ സ്റ്റോറുകൾ ഒഴിവാക്കുകയും ജീവനക്കാരുടെ എണ്ണം ശാസ്ത്രീയമായി തിട്ടപ്പെടുത്തി അധികമായി നിയമിക്കപ്പെട്ട താൽക്കാലിക ജീവനക്കാരെ ഒഴിവാക്കി ബാക്കി ഉള്ളവരെ പുനർവിന്യസിപ്പിക്കുകയും ചെയ്തു. വിവിധ ഗോഡൗണുകളിൽ കെട്ടി കിടന്ന സാധനങ്ങൾ വിറ്റഴിച്ചതിലൂടെയും പലിശ നഷ്ടം ഒഴിവാക്കുന്നതിനായി വായ്പകൾ പുനർക്രമീകരിച്ചതിലൂടെയും ഫെഡറേഷന്റെ പ്രവർത്തനം ലാഭത്തിലാക്കുന്നതിനും സാധിച്ചു. മേൽ പരാമർശിച്ച പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിലൂടെ 2016-2017 സാമ്പത്തിക വർഷത്തെ കൺസ്യൂമർഫെഡിന്റെ ആഡിറ്റിങ്ങിന് വിധേയമാക്കാത്ത കണക്കുകൾ പ്രകാരം 64.78 കോടി രൂപയുടെ പ്രവർത്തനലാഭം ഉണ്ടായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**